# ഇന്ന് ആരാധനാ പരിശീലനങ്ങൾക്കുള്ള അധികാരം

നാം ചെയ്യേണ്ടതെന്തെന്ന് ദൈവം വെളിപ്പെടുത്തിയിരിക്കുന്നതുകൊണ്ടു സ്വീകാര്യമായ ആരാധന എന്താണെന്ന് നമുക്ക് അറിയാം. നാല് ചോദ്യങ്ങൾ അടങ്ങുന്ന ബൈബിൾ തത്വങ്ങൾ മനസിലാക്കിത്തരുന്ന ചിത്രീകരണം, നമ്മുടെ പരിശീലനങ്ങൾ ശരിയോ തെറ്റോ എന്ന് നിർണ്ണയിക്കുന്നതിനു സഹായിക്കും.

1. *യേശു അത് കൽപിച്ചിട്ടുണ്ടോ?* അവന് നൽകിയ അധികാരമനുസരിച്ച്, തന്റെ ശിഷ്യന്മാരെ "സകല കൽപനകളും" പ്രമാണിക്കുന്നതിന് ഉപദേശിപ്പാൻ അപ്പൊസ്തലന്മാരോട് അവൻ കൽപിച്ചു (മത്തായി 28:18, 20). യേശുവിന്റെ കൽപനകൾ ഒന്നും തിരഞ്ഞെടുക്കാവുന്നതല്ല. നാം അവന്റെ കൽപനകളെല്ലാം പ്രമാണിക്കണം. നാം കുറച്ചു മാത്രം പ്രമാണിച്ചാൽ, യേശുക്രിസ്തുവിന്റെ കൽപനകളെ നാം എടുത്തു മാറ്റുന്നവരാകും; കൂടുതൽ ചെയ്താൽ നാം യേശു കൽപിച്ചതായിരിക്കയില്ല, മനുഷ്യർ കൽപിച്ചതാകും ചെയ്യുക. "സകല സത്യവും" അതായത്, യേശു കൽപിച്ചതെല്ലാം വെളിപ്പെടുത്തിയിരിക്കുന്നു (യോഹന്നാൻ 14:26; 16:13). *സകല* സത്യവും വെളിപ്പെടുത്തിയിരിക്കുന്നു എന്ന സത്യം നിഷേധിക്കുന്നവരാണ് കൂട്ടിച്ചേർക്കുന്നത്.

പരിഛേദന ചെയ്യുവാനും ന്യായപ്രമാണം അനുസരിപ്പാനും "നിർദ്ദേശങ്ങൾ ഒന്നും നൽകിയിട്ടില്ല" (പ്രവൃത്തികൾ 15:24) എന്ന് അപ്പൊസ്തലന്മാരും മുപ്പന്മാരും ജാതികളിൽനിന്നുള്ളവരെ എഴുത്തിൽകൂടെ അറിയിച്ചു. ജാതികളിൽനിന്നും ക്രിസ്ത്യാനികളായി തീർന്നവർ ചിലത് അനുസരിക്കേണ്ടതായിരുന്നില്ല, കാരണം അവർക്ക് അവ പ്രമാണിക്കുവാൻ നിർദ്ദേശങ്ങൾ കൊടുത്തിരുന്നില്ല. "ദൈവം കൽപിച്ചിട്ടില്ലാത്ത അഗ്നി" ഉപയോഗിച്ചതുകൊണ്ടാണ് നാദാബിനെയും അബീഹൂവിനേയും കൊന്നു കളഞ്ഞത് (ലേവ്യാപുസ്തകം 10:1). പഴയനിയമ കാലത്ത് ദൈവം തന്റെ ജനത്തോട് പെരുമാറിയതു നമുക്ക് ദൃഷ്ടാന്തമാണ് (1 കൊരിന്ത്യർ 10:11; റോമർ 15:4).

2. *യേശു അത് വിലക്കിയിട്ടുണ്ടോ?* യേശു വിലക്കുകയോ, ഖണ്ഡിക്കുകയോ ചെയ്തിട്ടുള്ള എന്തെങ്കിലും നാം ചെയ്താൽ, അവന്റെ അധികാരത്തെ നാം ലംഘിക്കുകയാവും ചെയ്യുന്നത്. ഉദാഹരണമായി, പ്രവൃത്തികൾ 15:29 ലെ പ്രബോധനം നോക്കുക. എങ്ങനെയായാലും, നാം ഉപേക്ഷിക്കേണ്ട എല്ലാം യേശു പ്രത്യേകമായി വിലക്കിയിരുന്നില്ല.

3. *യേശു തിരഞ്ഞെടുപ്പ് നടത്തിയിട്ടുണ്ടോ?* ചില മേഖലയിൽ, യേശു തിരഞ്ഞെടുപ്പ് നടത്തിയിരിക്കുന്നുവെങ്കിൽ, നാം ആ മേഖലയിൽ അവന്റെ തിരഞ്ഞെടുപ്പിൽ പരിമിതപ്പെടുന്നു. അവന്റെ തിരഞ്ഞെടുപ്പ് ആധികാരികവും, നിയന്ത്രിതവും ആയിരിക്കും. അത് അങ്ങനെയല്ലെങ്കിൽ, വിലയില്ലാത്തതാകും; നമ്മുടേതായ തിരഞ്ഞെടുപ്പ് അല്ല, അവന്റെ തിരഞ്ഞെടുപ്പാണ് സ്വീകാര്യമായത്. ചില ആചാരത്തെ, എന്തു ചെയ്യണമെന്ന് പറഞ്ഞിരിക്കുമ്പോൾ, "അരുത്" എന്ന് പറഞ്ഞിരിക്കുന്നതിനു പ്രസക്തിയുണ്ട്. തിരഞ്ഞെടുപ്പ് നടത്തികഴിഞ്ഞാൽ, മറ്റുള്ളതിനെയെല്ലാം അകറ്റി നിർത്തിയിരിക്കുന്നു എന്നർത്ഥം;

അല്ലെങ്കിൽ, യേശു അവന്റെ തിരഞ്ഞെടുപ്പ് വെളിപ്പെടുത്തേണ്ട ആവശ്യമില്ല. നാം അവന്റെ തിരഞ്ഞെടുപ്പ് മാനിച്ച്, അതിനോട് കൂട്ട് ചേർക്കാതിരിക്കുകയും വേണം.

4. *യേശു തിരഞ്ഞെടുപ്പ് ഒന്നും നടത്തിയിട്ടില്ലേ?* ചില മേഖലയിൽ യേശു തിരഞ്ഞെടുപ്പ് ഒന്നും നടത്തിയിട്ടില്ലെങ്കിൽ, നമുക്ക് സ്വതന്ത്രമായി തിരഞ്ഞെടുപ്പ് നടത്തുവാൻ അനുവാദമുണ്ട്, എന്നാൽ അത് വചനതത്വങ്ങൾക്ക് എതിരാകരുത്.

ആ തത്വങ്ങൾ കർത്തൃമേശയിൽ നാം പ്രായോഗികമാക്കുമ്പോൾ, നമുക്ക് അത് കൂടുതൽ മനസിലാകും: (1) യേശു എന്താണ് കൽപിച്ചത്? അപ്പത്തിന്റെയും മുന്തിരിവള്ളിയുടേയും അനുഭവത്തെ യേശു കൽപിച്ചു (മത്തായി 26:26–28; 1 കൊരിന്ത്യർ 11:23–25). (2) യേശു എന്തെങ്കിലും വിലക്കിയിട്ടുണ്ടോ? കർത്തൃമേശയെ യേശു വിലക്കിയിട്ടില്ല. അതിനർത്ഥം കർത്തൃമേശയോട് നമുക്ക് എന്തെങ്കിലും കൂട്ടി ചേർക്കാമെന്നല്ല. (3) യേശു എന്തെങ്കിലും തിരഞ്ഞെടുപ്പ് നടത്തിയിട്ടുണ്ടോ? അവൻ തിരഞ്ഞെടുത്തത് അപ്പവും മുന്തിരിവള്ളിയുടെ അനുഭവവുമാണ് (മത്തായി 26:26–28). അവന്റെ തിരഞ്ഞെടുപ്പിൽ നാം നിയന്ത്രിക്കപ്പെട്ടിരിക്കുന്നു. നാം അതിനു പകരമായി മറ്റൊരു ഭക്ഷണവും പാനിയവുമായ, ഉരുളക്കിഴങ്ങും പാലും ഉപയോഗിച്ചാൽ, യേശുവിന്റെ അധികാരമല്ല, നമ്മുടെ അധികാരമാണ് നാം എടുക്കുന്നത്. (4) ആ മേഖലയിൽ, യേശു തിരഞ്ഞെടുപ്പ് നടത്തിയിട്ടില്ലേ? പാനപാത്രം എടുക്കേണ്ട പാത്രത്തെ അവൻ പ്രത്യേകമായി പറഞ്ഞിട്ടില്ല – പാത്രം മണ്ണുകൊണ്ടുള്ളതോ, ഗ്ലാസുകൊണ്ടുള്ളതോ, അല്ലെങ്കിൽ മരംകൊണ്ടുള്ളതോ എന്ന് പ്രത്യേകമായി പറയുന്നില്ല. ഏതു തരത്തിലുള്ള പാത്രമാണ് ഉപയോഗിക്കേണ്ടതെന്ന് പറഞ്ഞിട്ടില്ലാത്തതിനാൽ ഏറ്റവും നല്ല പാത്രം തിരഞ്ഞെടുക്കുവാൻ നമ്മെ അനുവദിച്ചിരിക്കുന്നു. യേശു മരം കൊണ്ടുള്ള പാത്രം ഉപയോഗിക്കണം എന്നു പറഞ്ഞിട്ട്, നാം വേറെ ഏതെങ്കിലും പാത്രം ഉപയോഗിച്ചാൽ അത് അവന്റെ അധികാരത്തെ ലംഘിക്കുകയാവും ചെയ്യുക.

യേശു ഒരു തിരഞ്ഞെടുപ്പ് നടത്തിയിരിക്കുകയാണെങ്കിൽ, പിന്നെ ചെയ്യരുതാത്തതിനെ കുറിച്ച് പറയേണ്ട ആവശ്യമില്ല. അവന്റെ തിരഞ്ഞെടുപ്പാണ് ഏക അധികാരം, അവന്റെ തിരഞ്ഞെടുപ്പിൽ നാം നിയന്ത്രിക്കപ്പെട്ടിരിക്കണം. നാം ദിവസവും ഈ തത്വം പാലിക്കണം. ഉദാഹരണമായി, നാം ഒരു ഹോട്ടലിൽ പോയി കഴിക്കേണ്ടവ ഓർഡർ ചെയ്യുന്നു. നമുക്ക് ആവശ്യമുള്ളവ നാം പ്രത്യേകമായി തിരഞ്ഞെടുക്കുന്നു. നാം ഓർഡർ കൊടുത്തതാണ് അധികാരപ്പെടുത്തിയത്; മറ്റുള്ളവ കൊണ്ടുവരുവാൻ പാടില്ല. ആ തത്വം പ്രായോഗികമല്ലെങ്കിൽ, ആ ഹോട്ടലിലുള്ള മറ്റു ഭക്ഷണങ്ങൾ എല്ലാം ഉപേക്ഷിക്കേണ്ടതിനാണ് നാം പ്രത്യേകമായി ഓർഡർ കൊടുക്കുന്നത് എന്നു പറയാം. നാം പ്രത്യേകമായി ഓർഡർ കൊടുത്തില്ലെങ്കിൽ വിളമ്പുന്ന ആൾ കൊണ്ടുവരുന്നതെല്ലാം നാം ഭക്ഷിക്കേണ്ടി വരും. കാരണം നാം അയാൾക്ക് അതിനുള്ള സ്വാതന്ത്ര്യം നൽകി. സ്പൂണും പ്ലെയിറ്റും ഒന്നും നാം ആവശ്യപ്പെട്ടില്ലെങ്കിൽ വിളമ്പുന്നയാൾക്ക് ബോധിച്ചതെല്ലാം കൊണ്ടുവരുവാൻ നാം സ്വാതന്ത്ര്യം കൊടുക്കുകയായിരിക്കും ചെയ്യുന്നത്. ഒരിക്കൽ നാം ഓർഡർ കൊടുത്തുകഴിഞ്ഞാൽ, അത് മാറ്റുവാനോ, അതിനോട് കൂട്ടിച്ചേർക്കുവാനോ വിളമ്പുന്ന ആൾക്ക് അവകാശം ഉണ്ടായിരിക്കുന്നതല്ല.

# അധികാരപ്പെടുത്താത്ത പരിശീലനങ്ങളോ?

ചില പരിശീലനങ്ങൾ ക്രിസ്ത്യാനികളെ അധികാരപ്പെടുത്തിയിട്ടില്ല. ആരാധനാ രീതിയിലുള്ള നൃത്തം യേശുവിൽനിന്നുള്ളതല്ല. ന്യായപ്രമാണം നൽകുന്നതിനു മുൻപ് മിരിയാമും മറ്റു സ്ത്രീകളും നൃത്തം ചെയ്തു (പുറപ്പാട് 15:20). ദാവീദ് നൃത്തം ചെയ്തിരുന്നു (2 ശമുവേൽ 6:14–16), അവൻ നൃത്തം ചെയ്തതിനെ കുറിച്ച് സങ്കീർത്തനങ്ങൾ 149:3 ലും 150:4 ലും പറഞ്ഞിരിക്കുന്നു. എങ്ങനെയായാലും, പുതിയനിയമത്തിൽ ഒരു വ്യക്തിയോ, അല്ലെങ്കിൽ ഇടവകയോ ദൈവത്തോടുള്ള ആരാധനയുടെ ഭാഗമായി നൃത്തം ചെയ്തതായി പറയുന്നില്ല.

ബൈബിളിൽ പറഞ്ഞിരിക്കുന്ന നൃത്തങ്ങൾ മതപരമായവയേ ആയിരുന്നില്ല (ന്യായാധിപന്മാർ 11:34; 1 ശമുവേൽ 18:6; മത്തായി 11:17; 14:6; ലൂക്കൊസ് 15:25). മറ്റുള്ളത് വിഗ്രഹാരാധനയുടെ ഭാഗമായി ചെയ്ത നൃത്തമാണ് (പുറപ്പാട് 32:19; കൂടാതെ ന്യായാധിപന്മാർ 21:21–23; 1 ശമുവേൽ 30:16). ക്രിസ്ത്യാനികളുടെ ആരാധനയുടെ ഭാഗമായി നൃത്തത്തെ പുതിയനിയമത്തിൽ ഒരിടത്തും പറയുന്നില്ല. യേശുവിന്റെയോ, അപ്പൊസ്തലന്മാരുടെയോ, പ്രവാചകന്മാരുടെയോ ഉപദേശപ്രകാരം ആയിരിക്കയില്ല ആരാധനയുടെ ഭാഗമായി ക്രിസ്ത്യാനികൾ നൃത്തം ചെയ്യുന്നത്.

ആരാധന നടത്തേണ്ടത് ശരീരം കൊണ്ടല്ല മനസുകൊണ്ടാണ്. ആരാധകനിലേക്ക് ആകർഷിക്കുന്ന ബാഹ്യപ്രകടനങ്ങളെ യേശു വിലക്കിയിരിക്കുന്നു. “മനുഷ്യരുടെ മുൻപിൽ നീതി കാണിക്കേണ്ടതിനല്ല നാം പരിശീലിക്കുന്നത് എന്നാണ് യേശു പഠിപ്പിച്ചത്” (മത്തായി 6:1, 2). നാം മറ്റുള്ളവരെ കാണിക്കേണ്ടതിനായിരിക്കരുത് നമ്മുടെ പ്രാർത്ഥനയും ഉപവാസവും എന്നാണ് കർത്താവ് പഠിപ്പിച്ചത് (മത്തായി 6:5, 6, 16–18). ആരാധകരായ നമ്മുടെ ധ്യാനം മറ്റുള്ളവരെ കാണിക്കുന്ന പ്രദർശനം ആകരുത്.

ആരാധന പരിശോധിക്കുമ്പോൾ ചിന്തിക്കേണ്ട മറ്റൊരു കാര്യം ആരാധനക്ക് പകരം മറ്റൊന്നില്ല എന്നതാണ്. വ്യക്തിപരമായി ആരാധനയിലേക്ക് പ്രവേശിക്കുക എന്നത് ഓരോ ക്രിസ്ത്യാനിയുടേയും ഉത്തരവാദിത്തമാണ്. ആരാധനയിൽ മറ്റുള്ളവരുടെ അധരങ്ങളെ ശ്രദ്ധിക്കുന്നത് ആരാധിക്കലല്ല. നാം കാഴ്ച്ചക്കാരായിരിക്കാതെ, പങ്കെടുക്കുന്നവരാകണം; ദൈവമാണ് നമ്മുടെ സദസ്. സഭായോഗത്തിൽ, ഏകാംഗഗാനവും, ക്വയറും അഭിനേതാവിന്റെ താലന്ത് പ്രകടിപ്പിക്കുന്നതും, കേൾവിക്കാർക്ക് വിനോദം ജനിപ്പിക്കുന്നതാണ്. എങ്ങനെയായാലും, പുതിയനിയമത്തിൽ ഏകാംഗഗാനവും ക്വയറും കൽപനയായായോ, മാതൃകയായായോ നാം കാണുന്നില്ല.

ചിലർ കൊരിന്തിൽ ഏകാംഗഗാനം ഉണ്ടായിരുന്നു എന്ന് തെളിയിക്കുവാൻ 1 കൊരിന്ത്യർ 14:26 ലെ പൗലൊസിന്റെ പ്രസ്താവനയിൽ ആശ്രയിക്കുന്നു (“നിങ്ങൾ കൂടി വരുമ്പോൾ ഓരോരുത്തന്ന് സങ്കീർത്തനമുണ്ട്”). പൗലൊസ് അവർ ചെയ്തതിനെ അഭിനന്ദിക്കുകയായിരുന്നില്ല, ഖണ്ഡിക്കുകയായിരുന്നു. അത് ഖണ്ഡിക്കലല്ലെങ്കിൽ പോലും, അവർ ഏകാംഗഗാനം ആലപിച്ചു എന്ന് ആ വേദഭാഗം തെളിയിക്കുന്നില്ല. ഇടവക സങ്കീർത്തനം ആരംഭിക്കുമ്പോൾ

ഓരോരുത്തരും എന്നായിരിക്കാം പൗലൊസ് ഉദ്ദേശിച്ചത്. പലരും ഒരേസമയത്ത് സങ്കീർത്തനങ്ങൾ സ്വരൈക്യത്തിൽ വായിക്കുകയോ പാടുകയോ ചെയ്താൽ, അത് ആത്മികവർദ്ധന വരുത്തുന്നതിനുപകരം, തെറ്റിദ്ധരിപ്പിക്കുകയാവും ചെയ്യുക.

"സഭാ മദ്ധ്യേ ഞാൻ നിന്നെ സ്തുതിക്കും" എന്ന ദാവീദിന്റെ പ്രയോഗം (എബ്രായർ 2:12; ഉദ്ധരിച്ചത് സങ്കീർത്തനങ്ങൾ 22:22) ഏകാംഗഗാനം ആലപിച്ചു എന്നു തെളിയിക്കുന്നതല്ല. അവൻ "ഇടവകയുടെ *മദ്ധ്യേ പാടും*" എന്നാണ് പറഞ്ഞത്. ഒരു ഇടവക പാടുമ്പോൾ, അതിൽ എല്ലാവരും പങ്കെടുക്കും, അപ്പോൾ ഓരോരുത്തരും സഭാ മദ്ധ്യേ പാടുകയാണ്. ഇവിടെ പാടുന്നതു ഏകാംഗ ഗാനമോ, ചെറിയ സംഘഗാനമോ ആയിട്ടല്ല, ഇടവകയുടെ മുഴുവൻ പാട്ടാണ്.

പരിശുദ്ധാത്മാവിനെ കുറിച്ച് യേശു അപ്പൊസ്തലന്മാരോട് തറപ്പിച്ചു പറഞ്ഞു, "അവൻ നിങ്ങൾക്ക് സകലവും ഉപദേശിച്ചു തരും" (യോഹന്നാൻ 14:26) "സകല സത്യത്തിലും വഴി നടത്തുകയും ചെയ്യും" (യോഹന്നാൻ 16:13). യേശുവിന്റെ ഉപദേശത്തിലില്ലാത്തത് ആരാധനാ പരിശീലനത്തിലേക്ക് പരിചയപ്പെടുത്തുന്നത്, യേശുവും അപ്പൊസ്തലന്മാരും സകല സത്യവും പഠിപ്പിച്ചത് നിഷേധിക്കലാണ്. അപ്പൊസ്തലന്മാർക്ക് സകല സത്യവും വെളിപ്പെടുത്തി കൊടുത്തത് അവരുടെ എഴുത്തുകളിൽ കാണാം (1 കൊരിന്ത്യർ 14:37; 1 യോഹന്നാൻ 4:6).

# ആരാധനയിൽ സ്ത്രീകൾ

ക്രിസ്ത്യാനിത്വം ലോകത്തിൽ അന്യദേവന്മാരെ നമസ്ക്കരിച്ചിരുന്നവരുടെ ഇടയിലേക്ക് വ്യാപിച്ചപ്പോൾ, ക്രിസ്ത്യാനികൾ തങ്ങളെത്തന്നെ സൂക്ഷിക്കണമായിരുന്നു.സമൂഹത്തിന്റെ ആചാരങ്ങളും പരിശീലനങ്ങളും ദൈവത്തെ ആരാധിക്കുന്നവർക്ക് ഒഴിവാക്കുവാൻ പലപ്പോഴും ബുദ്ധിമുട്ടുണ്ടായിട്ടുണ്ട്. ക്രിസ്തീയ സ്ത്രീകൾ ജീവിക്കുന്ന പ്രദേശത്തെ ആചാരം അനുഷ്ഠിക്കുവാൻ പറയുന്നതിന് പകരം, പൗലൊസ് എതിർ - ആചാരത്തെയാണ് നിർദ്ദേശിക്കുന്നത്. ക്രിസ്തീയ സഭായോഗങ്ങളിൽ സ്ത്രീകൾ സംസാരിക്കുകയോ, ക്രിസ്തീയ സമൂഹങ്ങളിൽ അവർ നായകത്വമെടുത്ത് സേവിക്കുകയോ ചെയ്യരുത് എന്നു പൗലൊസ് പറഞ്ഞു (1 കൊരിന്ത്യർ 14:34, 35; 1 തിമൊഥെയൊസ് 2:13, 14). ആചാരത്തിന്റെ അടിസ്ഥാനത്തിലായിരുന്നില്ല പൗലൊസ് ഇത് പറഞ്ഞത്, പിന്നെയോ യേശുവിന്റെ കൽപനകളുടെ അടിസ്ഥാനത്തിലായിരുന്നു (1 കൊരിന്ത്യർ 14:37). സ്ത്രീകൾ കീഴടങ്ങി, തങ്ങളുടെ ഭർത്താക്കന്മാർക്ക് കീഴ്പ്പെട്ടിരിക്കണം (എഫെസ്യർ 5:23, 24; കൊലൊസ്യർ 3:18; 1 പത്രൊസ് 3:1-6).

പുതിയനിയമം എഴുതിയ സമയത്ത് അന്യദേവന്മാരെ നമസ്ക്കരിച്ചിരുന്നവർക്കിടയിൽ, സ്ത്രീകൾക്ക് പ്രാമുഖ്യം നൽകിയിരുന്നു. അവർ സമൂഹത്തിലും വിഗ്രഹാരാധനയിലും നായകത്വം സ്വീകരിച്ചിരുന്നു.

> സ്ത്രീകൾ ഓഫീസുകളിൽ ... വിവിധ മേഖലകളിലെ എഴുത്തുകളിലും രേഖകളിലും സ്ത്രീകളുടെ പേരുകൾ എഴുതപ്പെട്ടിരുന്നു - അവരുടെ പൊതുസേവനത്തെയും, ഔദാര്യത്തെയും - ആദരിച്ചിരുന്നു. അവർ ക്ഷേത്രങ്ങൾ സൂക്ഷിക്കുകയും, കായികവിനോദം, പ്രദക്ഷിണം, യാഗങ്ങൾ എന്നിവയുടെ ചെലവുകൾ വഹിച്ചിരുന്നു.[1]

വലേരി അബ്രഹാംസെന്നിന്റെ അഭിപ്രായം അതിനോട് യോജിക്കുന്നു:

> അന്യദേവന്മാരെ നമസ്ക്കരിക്കുന്ന മതവിശ്വാസത്തിൽ, സ്ത്രീകൾ പുരോഹിതമാരായും നായികമാരായും, ഡയാനാ, ഐസിയ, ലിവിയ, ഡയോനിസോസ്, ലിബർ, ലിബറാ എന്നിവയിലടക്കം ഉള്ള പൊതുവായ ഓഫീസുകളിൽ പുരുഷന്മാരെ പോലെ സേവനം നടത്തിയിരുന്നു എന്നതിന് വ്യക്തമായ തെളിവുകളുണ്ട്. അവർ മതപരമായ ചടങ്ങുകളിലും, പ്രാർത്ഥനാ ക്രമങ്ങളിലും പൂജകളിലും, ആഘോഷങ്ങളിലും, സജീവമായി പങ്കെടുത്തിരുന്നു. അവർ അസംഖ്യം ആളുകളെ ബാധിക്കുന്നതായ തീരുമാനങ്ങൾ എടുക്കുകയും, സംഗീതത്തിന് നേതൃത്വം കൊടുക്കുകയും ചെയ്തിരുന്നു.[2]

കൂടാതെ, മറ്റു പ്രയത്നങ്ങളിലും വെറെ സാക്ഷ്യങ്ങളുണ്ട്. വില്യം ബെയേർഡ് പറഞ്ഞു,

> ... യവന കാലഘട്ടത്തിൽ പൊതുവിൽ സ്ത്രീകളുടെ വിമോചന കാലമായിരുന്നു ... എന്നാൽ എതിർപ്പുണ്ടായിരുന്നിട്ടും, പൗലൊസിന്റെ കാലത്തെ സ്ത്രീകൾക്ക് ധാരാളം പ്രസ്ഥാനങ്ങൾ, വിവാഹം ചെയ്യുവാനും,

> വിവാഹമോചനം നടത്തുവാനുമുള്ള അവകാശം കൊടുത്തിരുന്നു. ചില സ്ഥലങ്ങളിൽ, ചില ആചാരങ്ങളിൽ, സ്ത്രീകളും പൊതു സ്ഥാപനങ്ങളിലും, മതപരമായ ഒഫീസുകളിലും ജോലി ചെയ്തിരുന്നു ... യവന സ്ത്രീകൾ മൂടുപടം ഉപേക്ഷിക്കയും കേശാലങ്കാരം തുടങ്ങി നിരവധി പരിഷ്ക്കാരങ്ങൾ സ്വീകരിക്കുകയും ചെയ്തിരുന്നു.[3]

അന്യദേവന്മാരെ നമസ്ക്കരിക്കുന്നവരുടെ ആചാരത്തിൽ സ്ത്രീകൾ മുഖ്യ സ്ഥാനം അലങ്കരിച്ചിരുന്നു എന്ന് അപ്പൊസ്തല പ്രവൃത്തികളുടെ പുസ്തകവും സാക്ഷ്യപ്പെടുത്തുന്നു. അന്ത്യോക്യയിലെ പിസിദ്യയിൽ പൗലൊസിനെയും ബർന്നബാസിനെയും ഉപദ്രവിക്കുന്നതിൽ മുഖ്യ പങ്കു വഹിച്ചത് സ്ത്രീകളായിരുന്നു. “യെഹൂദന്മാരോ ഭക്തിയുള്ള മാന്യസ്ത്രീകളെയും പട്ടണത്തിലെ പ്രധാനികളെയും ഇളക്കി പൗലൊസിന്റേയും ബർന്നബാസിന്റേയും നേരെ ഉപദ്രവമുണ്ടാക്കി അവരെ തങ്ങളുടെ അതിരുകളിൽനിന്നു പുറത്താക്കി കളഞ്ഞു” (പ്രവൃത്തികൾ 13:50). “മാന്യ സ്ത്രീകളെ” കുറിച്ച് പ്രവൃത്തികൾ 17:4-ൽ പറഞ്ഞിരിക്കുന്നു.

ദൈവത്തിന്റെ നിലവാരം എല്ലായ്പോഴും തന്റെ ജനത്തെ സമൂഹത്തിൽനിന്നു വേർപെടുത്തിയിരുന്നു. ദൈവം യിസ്രായേലിനോട് പറഞ്ഞു,

> നിങ്ങൾ പാർത്തിരുന്ന മിസ്രയിം ദേശത്തിലെ നടപ്പു പോലെ നിങ്ങൾ നടക്കരുത്. ഞാൻ നിങ്ങളെ കൊണ്ടുപോകുന്ന കനാൻ ദേശത്തിലെ നടപ്പു പോലെയും ആകരുത്; അവരുടെ മര്യാദ ആചരിക്കരുത്. എന്റെ വിധികളെ അനുസരിച്ച്, എന്റെ ചട്ടങ്ങളെ പ്രമാണിച്ചു നടക്കേണം ... ; ഞാൻ യഹോവയാകുന്നു (ലേവ്യാപുസ്തകം 18:3, 4).

ദൈവം ക്രിസ്ത്യാനികളോട് നിർദ്ദേശിച്ചു,

> ഈ ലോകത്തിന് അനുരൂപമാകാതെ നന്മയും പൂർണ്ണതയും പ്രസാദവുമുള്ള ദൈവഹിതം ഇന്നതെന്ന് തിരിച്ചറിയേണ്ടതിന് മനസ് പുതുക്കി രൂപാന്തരപ്പെടുവിൻ (റോമർ 12:2).

തിരുവെഴുത്തിൽ പറയാത്ത പങ്ക് സമൂഹം സ്ത്രീകൾക്ക് നൽകുമ്പോൾ, ക്രിസ്തീയ സ്ത്രീകൾ ലോകത്തിന്റെ സ്വാധീനവലയത്തിൽ കുടുങ്ങരുത്. സമൂഹത്തിന്റെ ആചാരങ്ങളും പരിശീലനങ്ങളും വിപരീതമാണെങ്കിലും, അവർ യേശുവിന്റെ കൽപനകളാണ് അനുസരിക്കേണ്ടത്. സ്ത്രീകൾ ചോദിക്കേണ്ടത്, “എന്താണ് സമൂഹം ചെയ്യുന്നത് എന്നല്ല” പിന്നെയോ, “എന്താണ് യേശു ആഗ്രഹിക്കുന്നത്?” എന്നാണ്.

---

കുറിപ്പുകൾ

[1]റോസ് ഷെപേർഡ് ക്രേമർ ആന്റ് മേരി റോസ് ഡി’ഏഞ്ചലോ, *വിമെൻ ആന്റ് ക്രിസ്ത്യൻ ഒറിജിൻസ്* (ന്യൂയോർക്ക്.: ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റി പ്രസ്, 1999), 86. [2]വലേരി ഏ. ആബ്രഹാംസെൻസ്, *വിമെൻ ആന്റ് വർഷിപ് അറ്റ് ഫിലിപ്പി: ഡിയാനൽ ആർട്ടെനിസ് ആന്റ് അദർ കൾട്ട്സ് ഇൻ ദ ഏർലി ക്രിസ്ത്യൻ ഇറാ* (പോർട്ട്ലന്റ്, മെയ്നേ: ആസ്ടാർട്ടേ ശെൽ പ്രസ്, 1995), 194. [3]വില്യം ബെയേർഡ്, *ദ കൊരിന്ത്യൻ ചർച്ച് - ഏ ബിബിളിക്കൽ അപ്റോച്ച് ടു അർബൻ കൾച്ചർ* (നാഷിലേ: അബിങ്ടൺ പ്രസ്, 1964), 121-22.

# “ഇത് എന്റെ ശരീരം ആകുന്നു ... ഇത് എന്റെ രക്തമാകുന്നു”

രണ്ട് വലിയ മതവിഭാഗങ്ങളുടെ കാഴ്ച്ചപ്പാട് അനുസരിച്ച് കർത്തൃമേശയിൽ യേശുക്രിസ്തുവിന്റെ ശരീരവും രക്തവും അക്ഷരികമായി കഴിക്കുന്നു എന്നാണ് പഠിപ്പിക്കുന്നത്. അപ്പം യേശുവിന്റെ മാംസമായും, മുന്തിരിവള്ളിയുടെ അനുഭവം യേശുവിന്റെ രക്തമായും “പദാർത്ഥ രൂപഭേദം വരുത്തുന്നു” എന്നാണ് കത്തോലിക്കാ സഭ കരുതുന്നത്.

> ക്രിസ്തു അപ്പത്തെയും മുന്തിരിച്ചാറിനേയും മാംസവും രക്തവുമാക്കി ...
>
> ... കർത്തൃമേശ എടുത്ത് ക്രിസ്തു “ഇത് എന്റെ ഓർമ്മക്കായി ചെയ്‌വിൻ” എന്നു പറഞ്ഞപ്പോൾ ക്രിസ്തു ആ അധികാരം പന്ത്രണ്ട് അപ്പൊസ്തലന്മാർക്കും അവരുടെ പിൻഗാമികൾക്കും നൽകി (ലൂക്കൊസ് 22:19).
>
> കുർബ്ബാനയിൽ പുരോഹിതൻ ആ അധികാരം ഉപയോഗിച്ച് അപ്പത്തെയും മുന്തിരിച്ചാറിനെയും മാംസവും രക്തവുമാക്കി മാറ്റുന്നു ... പുരോഹിതൻ അഭിഷേക വാക്കുകൾ ഉച്ചരിച്ചുകഴിഞ്ഞാൽ പിന്നെ യാഗപീഠത്തിൽ അപ്പവും വീഞ്ഞും ഇല്ല.[1]

> യേശുവിന്റെ ക്രൂശിലെ യാഗം പോലെയാണ് കുർബ്ബാന, കാരണം കുർബ്ബാനയിലും ക്രൂശിലും, ക്രിസ്തു ജനങ്ങൾക്ക് വേണ്ടി തന്നെ പിതാവായ ദൈവത്തിന്ന് ഏൽപിച്ചു കൊടുക്കുകയാണ്.[2]

“കാൽവരിയിലെ രക്തരഹിതമായ യാഗം”[3] എന്നാണ് കുർബ്ബാനയെ നിർവ്വചിച്ചിരിക്കുന്നത്. ഓരോ പ്രാവശ്യവും കുർബ്ബാന ചൊല്ലുമ്പോൾ, യേശു സ്വർഗത്തിലെ ദൈവത്തിന് തന്നെത്താൻ രക്തരഹിതമായ യാഗമായി അർപ്പിക്കുന്നതായി വിചാരിക്കുന്നു എന്നാണ് പറയുന്നത്, തീർച്ചയായും, യേശു സ്വർഗത്തിൽ രക്തത്തോടുകൂടിയ യാഗം അർപ്പിക്കുന്നില്ല: “ജഡരക്തങ്ങൾക്ക് ദൈവരാജ്യത്തിൽ പ്രവേശിക്കുവാൻ സാധ്യമല്ല” (1 കൊരിന്ത്യർ 15:50). എങ്ങനെയായാലും, വീഞ്ഞ് യേശുവിന്റെ രക്തമായി മാറിയാൽ, അതെങ്ങനെ “രക്തരഹിതമായ” ബലിയാകും?

യേശു ക്രൂശിൽ മരിച്ചപ്പോൾ, തന്നെത്തന്നെ ഒരിക്കൽ എന്നേക്കുമായിട്ടാണ് യാഗമായി അർപ്പിച്ചത് (എബ്രായർ 7:27; 9:24–28; 10:10, 12, 14). അവൻ യാഗം അർപ്പിച്ചശേഷം പിതാവിന്റെ വലത്തുഭാഗത്ത് ഇരിക്കുന്നു (എബ്രായർ 1:3), അങ്ങനെ അവൻ തന്റെ വീണ്ടെടുപ്പ് പദ്ധതി പൂർത്തിയാക്കി (എബ്രായർ 5:9). അവൻ വീണ്ടും വീണ്ടും പിതാവിന്ന് യാഗം അർപ്പിക്കുന്നില്ല; അവൻ ഒരിക്കൽ അർപ്പിച്ച ഏകയാഗം എല്ലാ കാലത്തേക്കും മതിയാകും.

കർത്തൃമേശയിൽ വാസ്തവത്തിലുള്ള യേശുവിന്റെ ശരീരത്തെയും രക്തത്തെയുമാണ് അവതരിപ്പിക്കുന്നതെന്നാണ് ലൂദറൻകാരും വിശ്വസിക്കുന്നത് (കത്തോലിക്കരുടെ വാക്കിൽ പറഞ്ഞാൽ “യൂക്കാറിസ്റ്റ്”). എങ്ങനെയായാ

ലും, ലൂദറൻകാരുടെ ഉപദേശം കത്തോലിക്കരുടേതിൽനിന്നു വ്യത്യസ്തമാണ്. അപ്പത്തിനും വീഞ്ഞിനും അടിയിൽ യേശുവിന്റെ മാംസവും രക്തവും അവതരിക്കും എന്ന അർത്ഥത്തിൽ ലൂദറൻകാർ "കോസബ്സ്റ്റാൻസിയേഷനിൽ" വിശ്വസിക്കുന്നു. "ക്രിസ്തുവിനാൽ സ്ഥാപിക്കപ്പെട്ട കർത്തൃമേശയിൽ വാസ്തവത്തിലുള്ള കർത്താവായ യശുവിന്റെ മാംസവും രക്തവും അപ്പത്തിനും വീഞ്ഞിനും അടിയിൽ വന്നതിനെയാണ് ക്രിസ്ത്യാനികൾ തിന്നുകയും കുടിക്കുകയും ചെയ്യേണ്ടത്."[4]

അവസാനത്തെ അത്താഴസമയത്ത് ക്രിസ്തു അപ്പൊസ്തലന്മാരുടെ കൂടെയായിരുന്നു, അപ്പോൾ അവന്റെ ശരീരം ക്രൂശിക്കപ്പെടുകയോ, രക്തം ചിന്തപ്പെടുകയോ ചെയ്തിരുന്നില്ല. അപ്പോൾ അവൻ പറഞ്ഞു, "ഇത് എന്റെ ശരീരം ആകുന്നു" "ഇത് എന്റെ രക്തം ആകുന്നു" (മത്തായി 26:26–28). മറ്റൊരു സമയത്തു അവൻ ഇതുപോലെ പറഞ്ഞു, "ഞാൻ വെളിച്ചം ആകുന്നു" (യോഹന്നാൻ 8:12), "വാതിൽ" ആകുന്നു (യോഹന്നാൻ 10:9), "വഴി" ആകുന്നു (യോഹന്നാൻ 14:6), "മുന്തിരിവള്ളി" ആകുന്നു (യോഹന്നാൻ 15:1), യേശു അക്ഷരികമായി വെളിച്ചമോ, വാതിലോ, മുന്തിരിവള്ളിയോ ആയിരുന്നു എന്ന് ആരും വിശ്വസിക്കുകയില്ല. അവൻ അതെല്ലാം പ്രതിനിധീകരിക്കുന്നതായിട്ടായിരുന്നു പറഞ്ഞത്. "ഇത് എന്റെ ശരീരം" ആകുന്നു എന്നും "ഇത് എന്റെ രക്തം" ആകുന്നു എന്നു പറഞ്ഞതും അതേ രീതിയിലായിരുന്നു. "ഇത് എന്റെ രക്തമാകുന്നു" എന്നു പറഞ്ഞ ശേഷം പകർന്നു കൊടുത്തത് മുന്തിരിവള്ളിയുടെ അനുഭവമായിരുന്നു, കാരണം അപ്പോഴും അത് "മുന്തിരിവള്ളിയുടെ അനുഭവം" ആയിരുന്നു (മത്തായി 26:28, 29).

ക്രിസ്ത്യാനികൾ ഭക്ഷിക്കുന്നത് യേശുവിന്റെ മാംസമല്ല, അപ്പമാകുന്നുവെന്നാണ് പൗലൊസ് വിശ്വസിച്ചിരുന്നത്. യേശുവിന്റെ പ്രസ്താവന "ഇത് എന്റെ ശരീരം" എന്ന് പൗലൊസ് ഉദ്ധരിച്ചശേഷം, അവൻ എഴുതി, "അപ്പം തിന്നുകയും പാനപാത്രം കുടിക്കുകയും ചെയ്യുമ്പോഴൊക്കെയും ..." (1 കൊരിന്ത്യർ 11:24, 26). ഈ വേദഭാഗത്തിലും, 1 കൊരിന്ത്യർ 10:16, 17 ലും ക്രിസ്ത്യാനികൾ ഭക്ഷിച്ചിരുന്നത് "അപ്പം," ആയിരുന്നു അല്ലാതെ യേശുവിന്റെ മാംസം ആയിരുന്നില്ല.

> ... കർത്താവായ യേശുവിനെ കാണിച്ചുകൊടുത്ത രാത്രിയിൽ അവൻ അപ്പം എടുത്തു സ്തോത്രം ചൊല്ലി നുറുക്കി, "ഇത് നിങ്ങൾക്ക് വേണ്ടിയുള്ള ശരീരം, എന്റെ ഓർമ്മക്കായി ഇത് ചെയ്വിൻ" എന്നു പറഞ്ഞു. അവ്വണ്ണം പാനപാത്രവും എടുത്തു. "ഈ പാനപാത്രം എന്റെ രക്തത്തിൽ പുതിയ നിയമം ആകുന്നു. ഇതു കുടിക്കുമ്പോഴൊക്കെയും എന്റെ ഓർമ്മക്കായി ചെയ്വിൻ എന്നു പറഞ്ഞു" (1 കൊരിന്ത്യർ 11:23–26).

---

കുറിപ്പുകൾ

[1]ഫാദർ ഫാരെൽ, ദ പാരിഷ് കാറ്റെക്കിസം (ഷിക്കാഗോ ഹോളി ക്രോസ് പ്രസ്, 1966), 70–71. *നിഹിൽ ഒബ്സ്റ്റാറ്റ്,* എഡ്മണ്ട് ജെ. സീഡ്‌ലെക്കി; *ഇമ്പ്രിമെച്ചർ*, ക്ലെറ്റസ്, എഫ്. ഓ'ഡോണെൽ. [2]ഇബിഡ്., 74. [3]റോബർട്ട് സി. ബ്രോഡെറിക്ക്, *കോൺസൈസ് കാത്തലിക് ഡിക്ഷ്ണറി* (സെന്റ്. പോൾ, മിൻ.: കാറ്റെക്കെറ്റിക്കൽ ഗിൽഡ് എജുക്കേഷണൽ സ്വസൈറ്റി, 1943), 213. [4]*എ ഷോർട്ട് എക്സ്പ്ലനേഷൻ ഓഫ് ഡോ. മാർട്ടിൻ ലൂദേഴ്സ് സ്മാൾ കാറ്റെക്കിസം* (സെന്റ്. ലൂയിസ്: കൺകോഡിയ പബ്ലിഷിങ്ങ് ഹൗസ്, 1943), 30.

# എഫെസ്യർ 5:19 ലും കൊലൊസ്യർ 3:16 ലും ഒരുമിച്ചുള്ള ആരാധനയിൽ പാട്ട് പാടൽ കൽപിച്ചിട്ടുണ്ടോ?

ഒരുമിച്ചുള്ള ആരാധനയിൽ പാട്ട് കൽപിച്ചിട്ടുണ്ടോ? വിശുദ്ധന്മാരുടെ സഭായോഗങ്ങളിൽ പാട്ട് പാടുവാൻ നിർദ്ദേശിച്ചിട്ടില്ലെങ്കിൽ അത് ചെയ്യരുത്. ദൈവം സംഗീതം കൽപിക്കുകയും എന്നാൽ ഏതു തരത്തിലുള്ളതാണെന്നു പറയുകയും ചെയ്യാതിരുന്നാൽ ആരാധനയിൽ നമുക്ക് ഏതു തരത്തിലുള്ള സംഗീതവും ഉപയോഗിക്കാം.

എഫെസ്യർ 5:19 ലും കൊലൊസ്യർ 3:16 ലും പറഞ്ഞിരിക്കുന്നത് യോജിച്ചുള്ള ആരാധനയെ കുറിച്ചല്ല എന്നാണ് ചിലരുടെ വാദം. അത് ഒരുമിച്ചുള്ള കൂടിവരവല്ലെങ്കിൽ എങ്ങനെ "തമ്മിൽ പഠിപ്പിക്കുകയും" "ബുദ്ധിയുപദേശിക്കയും ചെയ്യും"? മറ്റുള്ളവർ സന്നിഹിതരായില്ലെങ്കിൽ, എങ്ങനെ നമുക്ക് സംസാരിക്കുവാനും, പഠിപ്പിക്കുവാനും, ബുദ്ധിയുപദേശിക്കുവാനും കഴിയും? എഫ്. എഫ്. ബ്രൂസ് നിരീക്ഷിച്ചു,

> "ക്രിസ്തുവിന്റെ വചനം നിങ്ങളിൽ ഐശ്വര്യമായി വസിക്കട്ടെ" എന്നു പൗലൊസ് പറഞ്ഞതിന്റെ അർത്ഥം എന്താണ്? "നിങ്ങളിൽ" എന്നാൽ "നിങ്ങളുടെ ഉള്ളിൽ" (വ്യക്തികളായ ക്രിസ്ത്യാനികളിൽ) എന്നാണ് അർത്ഥം. അല്ലെങ്കിൽ "നിങ്ങളുടെ ഇടയിൽ" എന്നു പറഞ്ഞാൽ (ക്രിസ്തീയ സമൂഹത്തിൽ എന്നാണോ)? അവൻ അർത്ഥമാക്കിയത് രണ്ടുമല്ലെങ്കിൽ, ഏതെങ്കിലും ഒന്നു സ്വീകരിക്കണം. സന്ദർഭം അനുസരിച്ച്, യോജിച്ചുള്ള കൂടിവരവാണ് അർത്ഥമാക്കുന്നത്. അവർ കൂടിവരുമ്പോൾ, ക്രിസ്തീയ ഉപദേശം പകരുകയും, ക്രിസ്തീയ സന്ദേശം പഠിപ്പിക്കുകയും ചെയ്യട്ടെ എന്നാണ് ഉദ്ദേശിച്ചത്.[1]

ഈ വാക്യങ്ങളിൽ പ്രതിപാദിക്കുന്നത് ക്രിസ്തീയ സമൂഹത്തെയാണ് എന്നത്രെ എഡ്വേർഡ് ലോഹസേ ശ്രദ്ധിച്ചത്. "സമൂഹം പ്രതികരണമായി പാടിയ പാട്ടിലെ വചനങ്ങളുടെ ഉപദേശവും വ്യാഖ്യാനവും പ്രകടിപ്പിച്ചിരുന്നു."[2] തമ്മിൽ തമ്മിൽ ബുദ്ധിയുപദേശിക്കുവാനും പഠിപ്പിക്കുവാനും പൗലൊസ് നിർദ്ദേശിച്ചത് ക്രിസ്തീയസഭായോഗങ്ങൾക്ക് വേണ്ടിയാണ്. ഈ നിർദ്ദേശം നിറവേറുവാൻ ഒന്നിലധികം പേർ സന്നിഹതരാകേണ്ടിയിരിക്കുന്നു. ക്രിസ്ത്യാനികൾ ആരാധനക്കായി കൂടിവരുമ്പോൾ പാട്ടും ഉൾപ്പെടുന്നു.

---

കുറിപ്പുകൾ

[1]എഫ്. എഫ്. ബ്രൂസ്, *ദ എപ്പിസിൽസ് ഓഫ് പോൾ ടു ദ എഫെഷ്യൻസ് ആന്റ് ടു ദ കൊലൊഷ്യൻസ്,* ദ ന്യു ഇന്റർനാഷ്ണൽ കമെന്ററി ഓൺ ദ ന്യു ടെസ്റ്റമെന്റ് (ഗ്രാന്റ്

റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1977), 283.
[2]എഡ്വേർഡ് ലോഹ്സെ, *കൊലോഷ്യൻസ് ആന്റ് ഫിലേമോൻ,* ട്രാൻസ്. വില്യം ആർ. പോൾമാൻ ആന്റ് റോബർട്ട് ജെ. കാരിസ് (ഫിലദെൽഫിയ: ഫോർട്രെസ് പ്രസ്, 1971), 151.

# നാം ചെയ്യുന്നതെല്ലാം ആരാധനയാണോ?

നാം ചെയ്യുന്നതെല്ലാം ആരാധനയാണോ? *പ്രോസ്കുനെയോ* ("കിസ് ടുവേർഡ്""), "ആരാധന" എന്നാണ് തർജിമ ചെയ്തിരിക്കുന്നത്., ദൈവത്തോട് പ്രകടിപ്പിക്കുന്ന ഭക്ത്യാദരവാണ് സൂചിപ്പിക്കുന്നത്. ക്രിസ്ത്യാനികൾ ഇത് എല്ലാ സമയത്തും ചെയ്യുന്നില്ല. മറ്റൊരു ഗ്രീക്ക് വാക്ക് *ലാട്രെയോ* ("സേവനം"), എന്നത് ആരാധനയിലും ഉൾപ്പെടുത്താം, പക്ഷെ ആരാധയിൽ മാത്രം പരിമിതപ്പെടുത്താവുന്നതല്ല. ക്രിസ്ത്യാനികൾ ചെയ്യുന്നതെല്ലാം ദൈവികസേവനമായി ചെയ്യുവാൻ ശ്രമിക്കണം.

താഴെ കൊടുത്തിരിക്കുന്ന വേദഭാഗങ്ങളിലെ *പ്രോസ്കുനെയോ* എന്ന വാക്കിന്റെ ഉപയോഗം വെളിപ്പെടുത്തുന്നത് ഒരു വ്യക്തി ആരാധനാ സമയത്തേക്ക് പ്രവേശിക്കുന്നു, പക്ഷെ അവൻ എല്ലാ സമയത്തും ആരാധിക്കുന്നില്ല എന്നാണ്:

മത്തായി 2:2, 11– വിദ്വാന്മാർ യേശുവിനെ ആരാധിക്കുവാൻ പോയി.

മത്തായി 2:8 – യേശുവിനെ ആരാധിക്കുവാൻ താൻ ആഗ്രഹിക്കുന്നു എന്നാണ് ഹെരോദാവ് പറഞ്ഞത്.

മത്തായി 14:33 – യേശു കടലിനെ ശാന്തമാക്കിയപ്പോൾ, പടകിലുണ്ടായിരുന്നവർ അവനെ നമസ്ക്കരിച്ചു.

മത്തായി 18:26 – ദാസൻ യജമാനനെ വണങ്ങുന്നതായി ഒരു ഉപമയിൽ യേശു പറഞ്ഞു.

മത്തായി 28:9, 17 – അവന്റെ ഉയർപ്പിനുശേഷം, യേശുവിന്റെ അപ്പൊസ്തലന്മാർ അവനെ നമസ്ക്കരിച്ചു (ലൂക്കൊസ് 24:52 നോക്കുക).

യോഹന്നാൻ 9:38 – യേശു സൗഖ്യമാക്കിയ കുരുടൻ അവനെ നമസ്ക്കരിച്ചു.

യോഹന്നാൻ 12:20 – ദൈവത്തെ നമസ്ക്കരിക്കുവാൻ ജനം പെരുന്നാളിന് പോയി.

പ്രവൃത്തികൾ 8:27 – ഐത്യോപ്യനായ ഷണ്ഡൻ നമസ്ക്കരിക്കുവാനാണ് യെരുശലേമിലേക്ക് പോയത്.

പ്രവൃത്തികൾ 10:25 – കൊർന്നെല്യോസ് പത്രൊസിന്റെ കൽക്കൽ വീണ് അവനെ നമസ്ക്കരിക്കുവാൻ ശ്രമിച്ചു.

പ്രവൃത്തികൾ 24:11 – പൗലൊസ് നമസ്ക്കരിക്കുവാനാണ് യെരുശലേമിൽ പോയത് എന്ന് അവൻ പറഞ്ഞു.

1 കൊരിന്ത്യർ 14:25 – സത്യം ബോധ്യമായവർ നമസ്ക്കരിക്കും.

ആരാധനാ സമയം പ്രത്യേകമായി പറയുന്നതിനാൽ എല്ലാ സമയവും നാം ആരാധിക്കുന്നില്ല എന്ന് ആ വേദഭാഗങ്ങൾ തെളിയിക്കുന്നു. അതേ സത്യമാണ് വെളിപ്പാട് 5:14 ഉം 7:11 ഉം സൂചിപ്പിക്കുന്നത്: ദൈവത്തെ ആരാധിക്കുന്നത് ഒരു സമയത്തു തുടങ്ങി മറ്റൊരു സമയത്ത് അവസാനിപ്പിക്കുന്നതാണ്, അല്ലാതെ എപ്പോഴും തുടർന്നുകൊണ്ടിരിക്കുന്ന ഒന്നല്ല.

എപ്പോഴും ആരാധിച്ചുകൊണ്ടിരിക്കുന്നില്ല എന്നതിന് മറ്റു ഉദാഹരണങ്ങ

ളിലും തെളിവുകൾ കാണാം. സമാഗമനകൂടാരത്തിനു മുമ്പിൽ മേഘസ്തംഭം കണ്ടപ്പോൾ, യിസ്രായേൽമക്കൾ നമസ്ക്കരിച്ചു (പുറപ്പാട് 33:10). അവർ ദേശത്തെ ആദ്യഫലം കൊണ്ടുവന്നപ്പോൾ, ഇരുന്നു ദൈവത്തെ നമസ്ക്കരിക്കണമായിരുന്നു (ആവർത്തനപുസ്തകം 26:10). ശിലോഹോവിലെ യഹോവയെ നമസ്ക്കരിക്കുവാൻ എൽക്കാനാ വർഷം തോറും തന്റെ ദേശത്തു നിന്നു പോയിരുന്നു (1 ശമുവേൽ 1:1, 3). ആത്മിയ വരങ്ങളുണ്ടായിരുന്ന വിശുദ്ധന്മാർ എളുപ്പം-മനസിലാകുന്ന-ഭാഷയിൽ സംസാരിച്ചാൽ, വരുന്ന അവിശ്വാസി വീണു ദൈവത്തെ നമസ്ക്കരിക്കും എന്ന് പൗലൊസ് എഴുതിയിരിക്കുന്നു (1 കൊരിന്ത്യർ 14:24, 25).

മനുഷ്യൻ ദൈവത്തെ ആരാധിക്കുകയും (*പ്രോസ്കുനെയോ*) സേവിക്കുകയും (*ലാട്രെയോ*) വേണം (മത്തായി 4:10; ലൂക്കൊസ് 4:8). ആരാധനയടക്കം ദൈവത്തോടുള്ള എല്ലാ "സേവനവും" അടങ്ങുന്നതാണ് *ലാട്രെയോ*. യിസ്രായേൽ പകലും രാത്രിയും ദൈവത്തെ സേവിക്കേണ്ടിയിരുന്നു (പ്രവൃത്തികൾ 26:7). ഹന്നാ ഉപവാസത്താലും പ്രാർത്ഥനയാലും രാത്രിയും പകലും ദൈവത്തെ "സേവിച്ചിരുന്നു" (ലൂക്കൊസ് 2:37). എങ്ങനെയായാലും, എല്ലാ സേവനവും ആരാധനയല്ല. യെഹൂദാരാധന ക്രിസ്ത്യാനിത്വത്തിന്റെ നിഴലായിരുന്നു, "സേവനം" (*ലാട്രെയോ*) ഒരു ഉദാഹരണമായിരുന്നു (എബ്രായർ 8:5). "നിങ്ങളെ കൊല്ലുന്നവൻ എല്ലാം ദൈവത്തിന് വഴിപാട് കഴിക്കുന്നു എന്ന് വിചാരിക്കുന്നു" (*ലാട്രെയോ*) എന്ന് യേശു പറയുകയുണ്ടായി (യോഹന്നാൻ 16:2). ദൈവത്തെ "സേവിക്കുക" എന്നതായിരുന്നു പൗലൊസിന്റെ ലക്ഷ്യം (റോമർ 1:9; 2 തിമൊഥെയൊസ് 1:3). വിശപ്പുള്ളവന് ആഹാരം നൽകുന്നത് ദൈവത്തെ സേവിക്കലാണ് (*ലാട്രെയോ*), പക്ഷെ ആ പ്രവൃത്തി ദൈവത്തെ വണങ്ങലല്ല (*പ്രോസ്കുനെയോ*).

ലൂക്കൊസ് 17:7-10-ൽ ഒരു ദാസൻ തന്റെ യജമാനന്റെ കൽപനകൾ അനുസരിച്ചിരുന്നതിനെ കുറിച്ച് യേശു ഒരു പാഠം പഠിപ്പിക്കുന്നു. ആ ദാസൻ വയലിൽ യജമാനന്നു ജോലി ചെയ്യുമ്പോഴും, യജമാനന്നു മേശയിൽ ഭക്ഷണം വിളമ്പുമ്പോഴും അവൻ യജമാനനെ ആരാധിക്കുകയായിരുന്നില്ല. സേവനം ആരാധന ആയിരുന്നുവെങ്കിൽ, നാം മറ്റുള്ളവരെ സേവിക്കുമ്പോഴെല്ലാം അവരെ ആരാധിക്കുകയാവും ചെയ്യുക. ദൈവത്തിനു സ്വീകാര്യമായ വിധത്തിൽ അവനോട് ആശയവിനിമയം നടത്തുന്നതും ആരാധനയിൽ പെടുന്നതാണ് (എബ്രായർ 13:15).

എല്ലാം ആരാധനയാണെന്ന് തീർച്ചയാക്കിയാൽ, നാം ചെയ്യുന്ന ഐഹികവും തുഛവുമായ പ്രവൃത്തികൾ പോലും ആരാധനയിൽ ഉൾപ്പെടുത്തണം. നന്ദിയും അനുമോദനവും പ്രകടിപ്പിക്കുന്നതും ബഹുമാനരഹിതമായ പ്രവൃത്തികളും അതിൽ ഉൾപ്പെടും. പാചകം, ജോലിസംബന്ധമായ പ്രവൃത്തികൾ, ഭാര്യാ/ഭർത്തൃ ബന്ധം തുടങ്ങിയവയെല്ലാം. വ്യക്തിപരമായ ശുചിത്വം ദൈവത്തിന് പ്രസാദകരമാണ്, പക്ഷെ അവയൊന്നും ദൈവത്തെ *പ്രോസ്കുനെയോ* അഥവാ ആരാധിക്കുന്നതല്ല. അവ വ്യക്തിപരമായ സേവനത്തിൽ*ലാട്രെയോ* ഉൾപ്പെടുത്താം, അല്ലാതെ വ്യക്തിപരമായ ധ്യാനത്തിനോ, സഭായോഗത്തിന്റെ ആരാധനയിലോ ഉപയോഗിക്കാവുന്നതല്ല. ആരാധനയും സേവനവും തമ്മിൽ ഉള്ള വ്യത്യാസം തിരിച്ചറിയുന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്: നമസ്ക്കാരം (*പ്രോസ്കുനെയോ*) സത്യത്തിലും ആത്മാവിലും ആകണം. ദൈനന്തിന ജീവിതത്തിൽ നാം ചെയ്യുന്നതെല്ലാം ദൈവത്തോടുള്ള സേവനമാണ്, ആരാധനയിൽ ഉപയോഗിക്കാവുന്ന സേവനവുമുണ്ട്.

# പുതിയനിയമ പാട്ടുപാടൽ

**ചോ:** "പുതിയനിയമം എഴുതപ്പെട്ട സമയത്ത് *സാലോ* എന്നതും *സാമോസ്* എന്നതുമായ ഗ്രീക്ക് വാക്കുകൾക്ക് ഉപകരണങ്ങളുമായി യാതൊരു ബന്ധവുമില്ല എന്ന് പറയുന്നത് എന്തുകൊണ്ട്?" എന്ന് ആത്മാർത്ഥതയുള്ള ഒരു സഹോദരൻ ചോദിക്കുന്നു. ആരംഭ സഭ സെപ്ത്വജിന്റ് ആയിരുന്നു ഉപയോഗിച്ചതെങ്കിൽ (എൽ. എക്സ്. എക്സ്. എന്ന പഴയനിയമ വെർഷൻ), അവർക്ക് സങ്കീർത്തനപുസ്തകം നന്നായി പരിചയമുണ്ടായിരിക്കണം. അങ്ങനെ വരുമ്പോൾ പൗലൊസ് ഉപയോഗിച്ച വാക്കുകൾ എങ്ങനെ വ്യത്യസ്തമാകും?

**ഉ:** ഈ സഹോദരൻ ഉന്നയിച്ച ചോദ്യത്തിലെ വാദഗതി നടത്തുവാൻ ആർക്കും അവകാശമില്ല. "പുതിയനിയമം എഴുതിയ സമയത്ത് *സാലോ* എന്ന വാക്കിനും *സാമോസ്* എന്ന വാക്കിനും ഉപകരണത്തോടുള്ള ബന്ധം നഷ്ടമായിരുന്നില്ല." ആ ബന്ധം അതിനു ശേഷവും നഷ്ടപ്പെട്ടിട്ടില്ല. അതിനു വിപരീതമായി, പുതിയനിയമം എഴുതപ്പെട്ട നൂറ്റാണ്ടിൽ, സാലോ എന്നതിന്റെ അർത്ഥം എഴുത്തുകാരൻ ഉദ്ദേശിക്കുന്നതനുസരിച്ച് "പാടുക" അല്ലെങ്കിൽ "വായിക്കുക" എന്നായിരുന്നു. ഏ. ഡി. ഒന്നാം നൂറ്റാണ്ടിൽ ജോസെഫസ്, ചിലർ വീണ[1] *സാലോ* ചെയ്യുന്നതായി പറഞ്ഞിട്ടുണ്ട്, അതിൽ *സാലോ*യുടെ അർത്ഥം "പാടുക" എന്നാണ്.

മറ്റു എഴുത്തുകാർ *സാലോ*ക്ക് "പ്ലേ" എന്ന അർത്ഥം കൊടുത്തിരിക്കുന്നു: ഉദാഹരണമായി ഒന്നാം നൂറ്റാണ്ടിൽ, സ്ട്രാബോയും,[2] പ്ലൂടാർക്കും[3]; രണ്ടാം നൂറ്റാണ്ടിൽ ലൂഷ്യനും.[4] രണ്ടാം-നൂറ്റാണ്ടിൽ, മോൾട്ടനും മില്ലിഗനും, അവരുടെ എഴുത്തുകളിൽ *സാമോസ്* എന്ന വാക്കിന് "വീണയോടുകൂടി 'സങ്കീർത്തനങ്ങളും', 'പാട്ടുകളും' പാടുക"[5] എന്ന അർത്ഥമാണ് കൊടുത്തിരിക്കുന്നത്.

എഫെസ്യർ 5:19-ൽ "സങ്കീർത്തനങ്ങളാലും സ്തുതികളാലും, ആത്മിക ഗീതങ്ങളാലും തമ്മിൽ തമ്മിൽ സംസാരിച്ചും, നിങ്ങളുടെ ഹൃദയത്തിൽ കർത്താവിന്നു പാടിയും കീർത്തനം ചെയ്തും കൊണ്ടിരിപ്പിൻ" എന്നു പറഞ്ഞിരിക്കുന്നു.പൗലൊസ് രണ്ട് കൽപനകളാണ് അവിടെ നൽകുന്നതെന്ന് മൂലഗ്രീക്ക് വ്യക്തമാക്കുന്നു: *എയിഡോയും സാലോയും.* പൗലൊസിന്റെ കാലത്ത് *സാലോ* എന്നതിന് "പാടുക" എന്നു മാത്രമാണ് അർത്ഥമുള്ളതെങ്കിൽ ... ഉപകരണങ്ങൾ അകമ്പടിയായുണ്ടായിരുന്നതായി പറയുന്നില്ല.[6] എയിഡോയുടേയും അർത്ഥം അതു തന്നെയായിരുന്നു, അപ്പോൾ പൗലൊസ് കൽപിച്ചത്, "പാട്ടു പാടൽ [*എയിഡോൺടെസ്*] ഉം പാടൽ [*സാലോൺടെസും*] ആകുവാനാണ്." നേരെ മറിച്ച്, പൗലൊസിന്റെ കൽപനയിൽ പാട്ടു പാടുന്നതും വായനയും ഉൾപ്പെടുന്നതാണ്.

"എന്താണ് വായിക്കുവാൻ ഉപയോഗിക്കേണ്ടത്?" എന്നാണ് വാസ്തവത്തിലുള്ള ചോദ്യം. എൽ.എക്സ്. എക്സിലും (ബി. സി. 285-247-ൽ തർജിമ ചെയ്തു) എൻഏഎസ്ബിയിലും (ഏ. ഡി. 1971-ൽ) തർജിമ ചെയ്തതുപോലെ അല്ലെങ്കിൽ സങ്കീർത്തനങ്ങൾ 32:2, 3; 67:26; 70:22 ലും സങ്കീർത്തനങ്ങൾ 33:2, 3; 68:25; 71:22 ലും പറഞ്ഞിരിക്കുന്നതുപോ

ലെ തപ്പും, കിന്നരവും ഉപയോഗിച്ച് വായിക്കുവാനല്ല പൗലൊസ് കൽപിച്ചത്. ക്രിസ്ത്യാനിയോടു പറഞ്ഞിരിക്കുന്നത് "നിങ്ങളുടെ ഹൃദയം കൊണ്ടു പാടുവിൻ" എന്നാണ് (എഫെസ്യർ 5:19).

ഉപയോഗിക്കേണ്ട ഉപകരണം വീണയോ, കിന്നരമോ, തമ്പുരുവോ എന്ന് പ്രത്യേകമായി പറയുകയാണെങ്കിൽ വായന തികച്ചും അക്ഷരികമാകുമായിരുന്നു. എഫെസൊസിലെ ഓരോ ക്രിസ്ത്യാനിയും അവരവരുടെ വീണയും, തമ്പുരുവും, കിന്നരവും കൊണ്ടുവന്നു വായിക്കണം (എബ്രായ, ഗ്രീക്ക്, ഇംഗ്ലീഷ് സങ്കീർത്തനപുസ്തകങ്ങളിലേതുപോലെ). എങ്ങനെയായാലും, എഫെസോസിലെ ക്രിസ്ത്യാനികളോട് പറഞ്ഞത്, അവരുടെ ഹൃദയങ്ങൾ ഉപയോഗിക്കുവാനാണ്, അക്ഷരികമായ മറ്റു ഉപകരണങ്ങൾ അസാധ്യമായിരുന്നു.

അതുകൊണ്ട്, എഫെസ്യർ 5:19 ലെ *സാലോ* എന്നതിന് "പാടുക" എന്നല്ല അർത്ഥമാകുന്നത്, മറിച്ച് "വായിക്കുക" എന്നാണ്, കൂടാതെ, വായിക്കുന്നത് ആലങ്കാരികമാണ്, അതായത്, "ഹൃദയ കമ്പികളുപയോഗിക്കുന്നതാണ്," അല്ലാതെ "ഉപകരണങ്ങളുടെ അകമ്പടിയോടെയല്ല."[7] എൻഏഎസ്ബിയിൽ, "നിങ്ങളുടെ ഹൃദയം കൊണ്ട് പാടുവിൻ" എന്നാണ്.

ആകയാൽ എഫെസ്യർ 5:19-ൽ രണ്ട് കാര്യങ്ങളാണ് കൽപിച്ചിരിക്കുന്നത്: (1) പാട്ട് [ബാഹ്യമായത് ], "അധര ഫലം" (എബ്രായർ 13:15), പിന്നെ (2) വായന [ആന്തരികം], "നിങ്ങളുടെ ഹൃദയം കൊണ്ട്." *സാലോ*യുടെ ആരംഭത്തിലെ അർത്ഥം (*സാവോ*യെ ശക്തിപ്പെടുത്തുന്ന "സ്പർശിക്കുക" എന്ന്) കൊട്ടുക, മീട്ടുക, തട്ടുക എന്നെല്ലാം ആയതിനാൽ, എഫെസ്യർ 5:19 ന്റെ തർജിമ താഴെ കൊടുത്തിരിക്കുന്നതുപോലെ ആകേണ്ടിയിരുന്നു: "സങ്കീർത്തനങ്ങളാലും സ്തുതികളാലും, ആത്മിക ഗീതങ്ങളാലും, തമ്മിൽ പാടിയും [എയിഡോ] ഹൃദയ കമ്പികൾ മീട്ടുകയും [സാലോ], ചെയ്യുവിൻ."

ഹൂഗോ മെക്കോർഡ്

---

കുറിപ്പുകൾ

[1]ജോസെഫസ് *ആന്റികിറ്റീസ്* 6.8.2. [2]സ്ട്രാബോ *ജിയോഗ്രഫി* 1.23; 14.2.26. [3]പ്ലൂടാർക്ക് *ലൈഫ് ഓഫ് പെരിക്കിൾസ്* 1.5. [4]ലൂഷ്യൻ *ദ പാരസൈറ്റ്* 17. [5]ജെയിംസ് ഹോപ് മോൾട്ടൻ ആന്റ് ജോർജ് മിലിഗൻ, *ദ വക്കാബുലറി ഓപ് ദ ഗ്രീക്ക് ടെസ്റ്റമെന്റ്: ഇല്ലസ്ട്രേറ്റഡ് ഫ്രം ദ പാപിരി ആന്റ് അദർ നോൺ-ലിറ്റററി സോഴ്സസ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്: ഡബ്ലിയുഎം. ബി. എഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1952), 697. [6]വാൾട്ടർ ബാവർ, *ഏ ഗ്രീക്ക്-ഇംഗ്ലീഷ് ലെക്സിക്കൻ ഓഫ് ദ ന്യൂടെസ്റ്റമെന്റ് ആന്റ് അദർ ഏർലി ക്രിസ്ത്യൻ ലിറ്ററേച്ചർ,* 2ൻഡ് എഡി., റെവ. വില്യം എഫ്. ആമ്ട്, എഫ്. വിൽബർജിംഗ്റിച്ച്, ആന്റ് ഫ്രെഡറിക്ക് ഡബ്ലിയു. ഡാങ്കർ (ഷിക്കാഗോ യൂണിവേഴ്സിറ്റി ഓഫ് ഷിക്കാഗോ പ്രസ്, 1979), 891. [7]ഇബിഡ്.

# ദൈവം എന്റെ പ്രാർത്ഥനകൾക്ക് പ്രതിഫലം തരുമോ?

## ദൈവം പ്രതിഫലം തരുന്ന പ്രാർത്ഥനകൾ

ഉത്തരം നൽകുന്ന ശക്തിയോ വിലയോ പ്രാർത്ഥനയിൽ തന്നെ ഇല്ല. നാം "ചോദിക്കുന്നതിലും നിനക്കുന്നതിലും അധികമായി ചെയ്യുവാൻ കഴിവുള്ള" ദൈവത്തിലാണ് ശക്തിയുള്ളത് (എഫെസ്യർ 3:20). നമ്മുടെ പ്രാർത്ഥനകൾക്കുള്ള ഉത്തരങ്ങൾ അവനിൽനിന്നാണ് വരുന്നത്.

ദൈവം ഉത്തരം നൽകുന്ന പ്രാർത്ഥനയെ ദാവീദ് വിവരിച്ചിരിക്കുന്നു: "യഹോവ തന്നെ വിളിച്ചപേക്ഷിക്കുന്ന ഏവർക്കും, സത്യമായി തന്നെ വിളിച്ചപേക്ഷിക്കുന്ന ഏവർക്കും സമീപസ്ഥൻ ആകുന്നു. തന്റെ ഭക്തന്മാരുടെ ആഗ്രഹം അവൻ സാധിപ്പിക്കും. അവരുടെ നിലവിളി കേട്ട് അവരെ രക്ഷിക്കും" (സങ്കീർത്തനങ്ങൾ 145:18, 19).

പ്രാർത്ഥനകൾക്ക് ക്രിയാത്മകമായ മറുപടി ലഭിക്കുവാൻ ചില ആവശ്യകതകളുള്ളതായി ശലോമോൻ പ്രസ്താവിച്ചിരിക്കുന്നു. "എന്റെ നാമം ... വിളിക്കപ്പെട്ടിരിക്കുന്ന എന്റെ ജനം തങ്ങളെത്തന്നെ താഴ്ത്തി പ്രാർത്ഥിച്ച്, എന്റെ മുഖം അന്വേഷിച്ച് തങ്ങളുടെ ദുർമ്മാർഗങ്ങളെ വിട്ടുതിരിയുമെങ്കിൽ, ഞാൻ സ്വർഗത്തിൽനിന്നു കേട്ട് അവരുടെ പാപം ക്ഷമിച്ച് അവരുടെ ദേശത്തിന് സൗഖ്യം വരുത്തി കൊടുക്കും" (2 ദിനവൃത്താന്തം 7:13, 14).

പുതിയനിയമത്തിൽ നമ്മെ പഠിപ്പിച്ചിരിക്കുന്നത് ...

1. നീതിമാന്മാരായിരിക്കുക (യാക്കോബ് 5:16; 1 പത്രൊസ് 3:12).
2. യേശുവിലും അവന്റെ വചനങ്ങളിലും വസിക്കുക (യോഹന്നാൻ 15:7).
3. അനുസരണമുള്ളവരായിരിക്കുക (1 യോഹന്നാൻ 3:22).

നമ്മുടെ പ്രാർത്ഥനകൾ സ്വീകരിക്കേണ്ടതിന്, നാം എങ്ങനെ പ്രാർത്ഥിക്കണം?

1. പിതാവായ ദൈവത്തോട് ചോദിക്കുക (മത്തായി 6:9; 7:11; യോഹന്നാൻ 15:16; 16:23; യാക്കോബ് 4:2; 1 പത്രൊസ് 1:17).
2. സംശയിക്കാതെ, വിശ്വാസത്താൽ ചോദിക്കുക (മത്തായി 21:22; മർക്കൊസ് 11:24; യാക്കോബ് 1:5-7).
3. യേശുവിന്റെ നാമത്തിൽ പ്രാർത്ഥിക്കുക (യോഹന്നാൻ 14:13, 14; 15:16; 16:26), കാരണം അവൻ നമ്മുടെ മദ്ധ്യസ്ഥനാണ് (1 തിമൊഥെയൊസ് 2:5).
4. ബുദ്ധികൊണ്ട് പ്രാർത്ഥിക്കുക ("മനസിലാക്കി"; 1 കൊരിന്ത്യർ 14:15).
5. കോപവും വാഗ്വാദവും കൂടാതെ പ്രാർത്ഥിക്കുക (1 തിമൊഥെയൊസ് 2:8).
6. ശരിയായ ഉദ്ദേശത്തോടെ വേണം (യാക്കൊബ് 4:3-6).
7. ദൈവേഷ്ടപ്രകാരം പ്രാർത്ഥിക്കുക (1 യോഹന്നാൻ 5:14).

“നീതിമാന്റെ പ്രാർത്ഥന വളരെ ഫലിക്കും” എന്നാണ് യാക്കോബ് 5:16 നമ്മോട് പറയുന്നത്.

## ദൈവം പ്രതിഫലം നൽകാത്ത പ്രാർത്ഥനകൾ

എല്ലാ പ്രാർത്ഥനകൾക്കും ദൈവം ഉത്തരം നൽകുകയില്ല. അത് ബൈബിളിലെ സ്ഥിരമായ വിഷയമാണ്. “ദൈവമില്ലാത്ത ആളുകളെ സംബന്ധിച്ചുള്ള ചോദ്യത്തിനു” ഇയ്യോബ് പ്രതീക്ഷിച്ചത് “ഇല്ല” എന്ന ഉത്തരമായിരുന്നു, “അവന്നു കഷ്ടത വരുമ്പോൾ, ദൈവം അവന്റെ നിലവിളി കേൾക്കുമോ?” (ഇയ്യോബ് 27:9). യഹോവയുടെ ശത്രുക്കളെ കുറിച്ച് ദാവീദ് എഴുതി, “അവർ നിലവിളിച്ചു, രക്ഷിപ്പാൻ ആരും ഉണ്ടായിരുന്നില്ല. യഹോവയോട് നിലവിളിച്ചു, അവൻ ഉത്തരം അരുളിയതുമില്ല” (സങ്കീർത്തനങ്ങൾ 18:41).

1 പത്രൊസ് 3:12-ൽ നാം വായിക്കുന്നു,

> കർത്താവിന്റെ കണ്ണ് നീതിമാന്മാരുടെ മേലും, അവന്റെ ചെവി അവരുടെ പ്രാർത്ഥനക്കും തുറന്നിരിക്കുന്നു. എന്നാൽ കർത്താവിന്റെ മുഖം ദുഷ്പ്രവൃത്തിക്കാർക്ക് പ്രതികൂലമായിരിക്കുന്നു (സങ്കീർത്തനങ്ങൾ 34:15, 16; 66:18; 109:6, 7).

“ജ്ഞാനത്തിന്റെ” മൂർത്തീഭാവമായിരുന്ന ശലോമോൻ പറയുന്നു,

> അപ്പോൾ അവർ എന്നെ വിളിക്കും ഞാൻ ഉത്തരം പറകയില്ല. എന്നെ ജാഗ്രതയോടെ അന്വേഷിക്കും; കണ്ടെത്തുകയുമില്ല. അവർ എന്റെ ആലോചന അനുസരിക്കാതെ എന്റെ ശാസന ഒക്കെയും നിരസിച്ചുകളഞ്ഞതുകൊണ്ട് തന്നെ (സദൃശവാക്യങ്ങൾ 1:28, 29).

സദൃശവാക്യങ്ങൾ 15:29 പറയുന്നു, “യഹോവ ദുഷ്ടന്മാരോട് അകന്നിരിക്കുന്നു; നീതിമാന്മാരുടെ പ്രാർത്ഥനയോ അവൻ കേൾക്കുന്നു” (കൂടാതെ 28:9 നോക്കുക).

യിസ്രായേലിന്റെ പാപം നിമിത്തം യഹോവ യെശയ്യാവ് മുഖാന്തരം പറഞ്ഞു,

> നിങ്ങൾ കൈമലർത്തുമ്പോൾ ഞാൻ എന്റെ കണ്ണു മറച്ചുകളയും; നിങ്ങൾ എത്രതന്നെ പ്രാർത്ഥനകഴിച്ചാലും ഞാൻ കേൾക്കയില്ല. നിങ്ങളുടെ കൈ രക്തം കൊണ്ടു നിറഞ്ഞിരിക്കുന്നു ... (യെശയ്യാവ് 1:15).
>
> രക്ഷിപ്പാൻ കഴിയാതവണ്ണം യഹോവയുടെ കൈ കുറുകീട്ടില്ല; കേൾപ്പാൻ കഴിയാതവണ്ണം അവന്റെ ചെവി മന്ദമായിട്ടുമില്ല. നിങ്ങളുടെ അകൃത്യങ്ങൾ അത്രേ നിങ്ങളേയും നിങ്ങളുടെ ദൈവത്തെയും തമ്മിൽ ഭിന്നിപ്പിച്ചിരിക്കുന്നത്. നിങ്ങളുടെ പാപങ്ങൾ അത്രേ അവൻ കേൾക്കാതവണ്ണം അവന്റെ മുഖത്തെ നിങ്ങൾക്ക് മറെക്കുമാറാക്കിയത് (യെശയ്യാവ് 59:1, 2).

ഇതിനെ സംബന്ധിച്ച് യേശു സൗഖ്യമാക്കിയ ഒരു കുരുടൻ നല്ല സംക്ഷിപ്

തം നൽകുന്നു: "പാപികളുടെ പ്രാർത്ഥന ദൈവം കേൾക്കുന്നില്ല എന്നും ദൈവഭക്തനായിരുന്ന്, അവന്റെ ഇഷ്ടം ചെയ്യുന്നവന്റെ പ്രാർത്ഥന അവൻ കേൾക്കുന്നു എന്നും നാം അറിയുന്നു" (യോഹന്നാൻ 9:31).